"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിജ്ഞാന കേരളം കുടുംബശ്രീ ക്യാമ്പയിൻ - ക്യാമ്പയിൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും വിജ്ഞാനകേരളം കുടുംബശ്രീ തൊഴിൽ ക്യാമ്പയിൻ സംസ്ഥാന തല ടാസ്ക് ഫോഴ്സ് രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1851/2025/LSGD തീയതി,തിരുവനന്തപുരം, 27-07-2025

പരാമർശം:-
1. സ.ഉ.(കൈ) നം.112/2025/LSGD; തീയതി 03.07.2025
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.07.2025ലെ KSHO/1108/2025-MSKILLS നമ്പർ കുറിപ്പ്

**ഉത്തരവ്**

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തി ഓരോ അയൽക്കൂട്ട കുടുംബങ്ങളുടേയും വരുമാനം വർദ്ധിപ്പിക്കുകയും പുത്തൻ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രാപ്തി നൈപുണ്യ പരിശീലനത്തിലൂടെ കുടുംബശ്രീ കുടുംബങ്ങളിലെ തൊഴിൽ സന്നദ്ധരായവർക്ക് നൽകുന്നതിനും, ഓരോ സി.ഡി.എസ് പരിധിയിലും വിവിധ മേഖലയിലായി ലഭ്യമാക്കാൻ കഴിയുന്ന ഹൈപ്പർലോക്കൽ തൊഴിലുകൾ കണ്ടെത്തി അവ തൊഴിലന്വേഷകരുമായി ബന്ധപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ വിവിധ നൈപുണ്യ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായി കുടുംബശ്രീ വിഭാവനം ചെയ്യുന്ന ക്യാമ്പയിൻ നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ നടപ്പിലാക്കുന്ന പ്രസ്തുത ക്യാമ്പയിൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ക്യാമ്പയിൻ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുമായി സംസ്ഥാനതല ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതാണെന്ന് പരാമർശിത ഉത്തരവിന്റെ ഖണ്ഡിക 14.1ൽ വ്യക്തമാക്കിയിരുന്നു. ഇതിലേക്കായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി വിജ്ഞാനകേരളം - കുടുംബശ്രീ തൊഴിൽ ക്യാമ്പയിൻ - സംസ്ഥാന തല ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഉത്തരവാകുന്നു.

- സ്പെഷ്യൽ സെക്രട്ടറി -1, തദ്ദേശ സ്വയംഭരണ വകുപ്പ് - ചെയർപേഴ്സൺ
- എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ - കൺവീനർ
- ശ്രീ. എൻ.പി. ഷിബു, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, ഡി.ഡി.യു.ജി.കെ.വൈ. - ജോയിന്റ്

കൺവീനർ

- പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
- ശ്രീ. എൻ. ജഗജീവൻ, കൺസൾട്ടന്റ്, ക്യാമ്പയിൻ സെക്രട്ടേറിയറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്
- ശ്രീ. സഞ്ജയകുമാർ എസ്., കൺസൾട്ടന്റ്, കെ-ഡിസ്ക്
- ഡോ. ജോയ് ഇലമൺ, ടെക്നിക്കൽ മെമ്പർ, കെ.എസ്.ഡി.എം.എ.
- ശ്രീ. സുമേഷ് കെ.ആർ., രജിസ്ട്രാർ, കില
- ശ്രീ. ശ്യാം കുമാർ കെ.യു., പ്രോഗ്രാം ഓഫീസർ (ഓർഗനൈസേഷൻ), കുടുംബശ്രീ
- ശ്രീ. ശ്രീകാന്ത് എ.എസ്., പ്രോഗ്രാം ഓഫീസർ (എം.ഇ.), കുടുംബശ്രീ
- ഡോ. ഷാനവാസ്, പ്രോഗ്രാം ഓഫീസർ (അഗ്രി), കുടുംബശ്രീ
- അനീഷ്കുമാർ എം.എസ്., സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, (എം.ഇ.), കുടുംബശ്രീ
- ശ്രീമതി ബീന ഇ., സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (എൻ.യു.എൽ.എം.), കുടുംബശ്രീ
- ശ്രീ. പ്രഭാകരൻ എം., സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ട്രൈബൽ പ്രൊജക്ട്സ്), കുടുംബശ്രീ
- ശ്രീ. നിഷാദ് സി.സി., സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, (ഓർഗനൈസേഷൻ), കുടുംബശ്രീ
- ശ്രീ. ബിനീഷ് ജോർജ്ജ്, അസിസ്റ്റന്റ് ജനറൽ മാനേജർ, കെ-ഡിസ്ക്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. ബന്ധപ്പെട്ട അംഗങ്ങൾക്ക് (കുടുംബശ്രീ ഇ.ഡി. മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
4. ഡയറക്ടർ ജനറൽ, കില
5. മെമ്പർ സെക്രട്ടറി, കെഡിസ്ക്
6. മെമ്പർ സെക്രട്ടറി, കെ.എസ്.ഡി.എം.എ
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
8. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
9. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by Viraj K
Date: 27-07-2025 11:41:04

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്